(സി) വായ്പ സർക്കാർ തിരിച്ചടയ്ക്കാത്തതിനാൽ സഹകരണ സ്ഥാപനങ്ങൾ പൂട്ടിയിടേണ്ട നിലയിലെത്തിയെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഗവൺമെന്റിനെ സഹായിച്ച കാരണംകൊണ്ട് പ്രസ്തുത സ്ഥാപനങ്ങൾ നശിക്കാതിരിക്കാൻ വായ്പ തിരിച്ചടയ്ക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വായ്പയൊന്നും എടുത്തിട്ടില്ല.

(ബി)-(ഡി) മുൻ ഉത്തരത്തിന്റെ വെളിച്ചത്തിൽ മറുപടി ഉദിക്കുന്നില്ല.

ലോകബാങ്കിൽനിന്നു ലഭിച്ച വായ്പ

34 (366) ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലോകബാങ്കിൽനിന്ന് വായ്പ ലഭിച്ചിട്ടുണ്ടോ; എത്ര കോടി രൂപ ലഭിച്ചു;

(ബി) ഈ വായ്പ ഏതെല്ലാം ആവശ്യങ്ങൾക്ക് വിനിയോഗിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളുടെ ആവശ്യത്തിനായിട്ടാണ് തുക ചെലവഴിച്ചത് എന്ന് വെളിപ്പെടുത്താമോ;

(ഡി) ലോകബാങ്ക് സഹായത്തോടെ നടപ്പാക്കിയ പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അതു വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. എല്ലാ വായ്പയും സർക്കാർ വഴിയല്ല നൽകുന്നത്. ചില വായ്പകൾ നേരിട്ട് ഇംപ്ലിമെന്റിംഗ് ആഫീസർക്കു നൽകാറുണ്ട്. ഇപ്പോൾ ധനകാര്യവകുപ്പു കൈകാര്യം ചെയ്യുന്ന ലോകബാങ്ക് സ്കീമുകൾക്ക് 30.9.2000 വരെ 47.96 കോടി രൂപ ലഭിച്ചിട്ടുണ്ട്.

(ബി) ഈ തുകകൾ സാമൂഹ്യവനവൽക്കരണം ഘട്ടം II നാഷണൽ ഹൈഡ്രോളജി പ്രോജക്ട് ശക്തിപ്പെടുത്തൽ കർഷകർക്കാവശ്യമായ കുഴൽക്കിണർ നിർമ്മാണം തുടങ്ങിയവയ്ക്ക് ഉപയോഗിക്കുന്നു.

(സി) ഈ തുകകൾ ഒരു പ്രത്യേക ജില്ലയ്ക്കു മാത്രമായിട്ടല്ലാതെ സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള വികസനം കണക്കാക്കിയാണ് ഉപയോഗിക്കുന്നത്.

(ഡി) ഉണ്ട്.

(ഇ) ലോകബാങ്ക് സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികളുടെ പ്രവർത്തന പുരോഗതികളെക്കുറിച്ച് അതാതു പ്രോജക്ട് ഇംപ്ലിമെന്റിംഗ് ആഫീസർമാരുടെ റിവ്യൂ മീറ്റിംഗ് ധനകാര്യവകുപ്പും ചീഫ് സെക്രട്ടറിയും നടത്താറുണ്ട്. കൂടാതെ കേന്ദ്രഗവൺമെന്റിന്റെ വിദേശസഹായവകുപ്പും കാലാ

LIBRARY ARCHIVES Kerala Legislative Assembly

കാലങ്ങളിൽ ഇംപ്ലിമെന്റിംഗ് ആഫീസർമാരുടെയും വകുപ്പുസെക്രട്ടറിമാരുടെയും മീറ്റിംഗ് വിളിച്ചുകൂട്ടി പ്രവർത്തനം വിലയിരുത്താറുണ്ട്.

ഏഷ്യൻ ഡവലപ്പ്മെന്റ് ബാങ്കിൽനിന്നുള്ള വായ്പ

35 (367) ശ്രീ. ആര്യാടൻ മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏഷ്യൻ ഡവലപ്പ്മെന്റ് ബാങ്കിൽനിന്ന് വായ്പയെടുക്കാൻ ഈ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എന്തു തുക വായ്പയെടുക്കാൻ ഉദ്ദേശിക്കുന്നു എന്ന് പറയാമോ; ഇതിൽനിന്നു വല്ലതുകയും ഇതുവരെ കിട്ടിയോ;

(സി) ഈ വായ്പ എന്നു കിട്ടുമെന്ന് പറയുമോ; ഈ വായ്പ കിട്ടുന്നത് സംബന്ധിച്ച വ്യവസ്ഥകൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അന്തിമ തീരുമാനമായിട്ടില്ലാത്തതിനാൽ ഇതുവരെ യാതൊരു തുകയും ലഭിച്ചിട്ടില്ല.

(സി) അന്തിമഘട്ട ചർച്ചകൾക്കുശേഷമേ വായ്പ എന്നു കിട്ടുമെന്ന് പറയുവാൻ കഴിയൂ.

ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് ബോർഡ് ലോൺ

36 (368) ശ്രീ. ആര്യാടൻ മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് ബോർഡ് ലോൺ ഫ്ളോട്ട് ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ എന്ത് തുക പിരിഞ്ഞുകിട്ടി;

(സി) ഈ തുകയിൽനിന്ന് വായ്പ ലഭിക്കുവാൻ എത്ര സ്ഥാപനങ്ങൾ അപേക്ഷ തന്നിട്ടുണ്ട്;

(ഡി) ഈ അപേക്ഷകൾ പരിഗണിക്കുവാൻ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് ബോർഡ് എന്നെല്ലാം യോഗങ്ങൾ കൂടി;

(ഇ) ഈ ബോർഡിലെ അംഗങ്ങൾ ആരെല്ലാമാണ്; ഏതെല്ലാം സ്ഥാപനങ്ങൾക്ക് എന്ത് തുക വീതം വായ്പ അനുവദിച്ചു?

ഉത്തരം

(എ) ഉണ്ട്.

(ബി) 507.06 കോടി രൂപ.

(സി) അപേക്ഷയൊന്നും തന്നിട്ടില്ല.

(ഡി) മുൻ ഉത്തരത്തിന്റെ വെളിച്ചത്തിൽ മറുപടി ഉദിക്കുന്നില്ല.

(ഇ) ബോർഡിലെ അംഗങ്ങളുടെ പേരുവിവരം താഴെ കൊടുക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly